**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **15-02-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽ തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ സത്വര പരിഹാരം കാണുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | **തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. തൊഴിൽ തർക്കം സംബന്ധിച്ച ഒരു പരാതി ലഭിച്ചാൽ 1947-ലെ വ്യവസായതർക്ക നിയമത്തിലെ വകുപ്പ് 12(1) പ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തുന്നതിന് വിജ്ഞാപനം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1, ഡെപ്യൂട്ടി ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(ജി), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ(ഐ.ആർ) എന്നീ തലങ്ങളിൽ അനുരഞ്ജന ചർച്ച നടത്താറുണ്ട്. ജില്ലാ ലേബർ ഓഫീസർ തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാത്തപക്ഷം ഉന്നതതലത്തിൽ ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാനതലത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് അഡീഷണൽ ലേബർ കമ്മീഷണർ(ഐ.ആർ) തലത്തിലും, ലേബർ കമ്മീഷണർ തലത്തിലും ചില സന്ദർഭങ്ങളിൽ ബഹു. വകുപ്പ് മന്ത്രി തലത്തിലും ചർച്ചകൾ നടത്തി തൊഴിൽ തർക്കങ്ങൾ പരിഹരിക്കാറുണ്ട്. പ്രശ്നപരിഹാരം സാദ്ധ്യമാകാത്ത സന്ദർഭങ്ങളിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വകുപ്പ് 12(4) പ്രകാരം ലേബർ കമ്മീഷണറിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തർക്കം മൂന്ന് മാസത്തിനകം തീർപ്പാക്കണമെന്ന ശുപാർശയോടു കൂടി ബഹു. ലേബർ കോടതി/ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് സർക്കാരിൽ നിന്നും റഫർ ചെയ്തു നൽകിയും വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | |
| (ബി) | സംസ്ഥാന തൊഴിൽ വകുപ്പിനെ സുശക്തവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ആലോചിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | തൊഴിൽ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതു വഴിയും വ്യവസായതർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതു വഴിയും സംസ്ഥാനത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക, മാന്യമായ തൊഴിൽ അന്തരീക്ഷവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരവും, തൊഴിലുടമയും തൊഴിലാളിയും തമ്മിൽ ആരോഗ്യകരമായ ബന്ധം ഉറപ്പാക്കുന്നതിനും, മെച്ചപ്പെട്ട നയങ്ങളിലൂടെയും പരിപാടികളിലൂടെയും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ കവറേജ് വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നു<br><br>വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി ഉറപ്പുവരുത്തുന്നതിനും അവർക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കിക്കൊടുക്കുന്നതിനും "കർമ്മചാരി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>തൊഴിലിടങ്ങളിലെ തൊഴിൽ സാഹചര്യം കണക്കിലെടുത്ത് വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള തൊഴിലാളികൾക്ക് " തൊഴിലാളി ശ്രേഷ്ഠ" പുരസ്കാരം നൽകി വരുന്നു.<br><br>സ്ഥാപനങ്ങളെ അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് അവാർഡുകൾ നൽകി വരുന്നു.<br><br>അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി "അതിഥി ആപ്പ്" എന്നൊരു പോർട്ടൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>പൊതുജനങ്ങൾക്കുണ്ടാകുന്ന തൊഴിൽ തർക്കങ്ങളും കയറ്റിറക്ക് തർക്കങ്ങളും നോക്ക് കൂലി സംബന്ധിച്ച പരാതികളും രജിസ്റ്റർ ചെയ്യുന്നതിന് "തൊഴിൽ സേവ ആപ്പ്" എന്നൊരു മൊബൈൽ ആപ്പ് പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>അതിഥി തൊഴിലാളികൾക്കിടയിൽ കണ്ടുവരുന്ന വ്യാപകമായ മയക്ക് മരുന്ന് ഉപയോഗത്തിനെതിരെ "കവച്" എന്ന പേരിൽ ബോധവൽക്കരണ പരിപാടി വകുപ്പ് മുഖേന നടത്തി വരുന്നു.<br><br>തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് "സഹജ" എന്ന കോൾസെന്റർ സംവിധാനം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. ഈ സംവിധാനം മുഖേന പേര് വെളിപ്പെടുത്താതെ ഫോൺ കോൾ മുഖേന പ്രശ്നങ്ങൾ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. |
| (സി) | അതിഥി തൊഴിലാളികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | **അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽ നോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ്, പരിശോധനകൾ നടത്തി വരുന്നതോടൊപ്പം 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979 - ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധനയും നടത്താറുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അതിഥി തൊഴിലാളികളെ നേരിട്ട് കാണുകയും നിർമ്മാണ മേഖലയിൽ ഇവർക്ക് നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ടി പരിശോധനയിൽ ശോചനീയമായ താമസ സൗകര്യത്തിൽ പാർക്കുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു നൽകുന്ന സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്.**<br><br>**കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ്**<br><br>**“അപ്നാഘർ പദ്ധതി ”.**<br><br>**ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പ്രശ്ങ്ങൾ പരിഹരിക്കുന്നതിനായും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായും വിവിധ പദ്ധതികൾ വിഭാവനം ചെയ്തു വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതികൾ എന്നിവയും തൊഴിൽ** |

| | | | |
|---|---|---|---|
| | | | **വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നുണ്ട്. അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽ നോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ്, പരിശോധനകൾ നടത്തി വരുന്നതോടൊപ്പം 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979 - ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധനയും നടത്താറുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ അതിഥി തൊഴിലാളികളെ നേരിട്ട് കാണുകയും നിർമ്മാണ മേഖലയിൽ ഇവർക്ക് നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ടി പരിശോധനയിൽ ശോചനീയമായ താമസ സൗകര്യത്തിൽ പാർക്കുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ നൽകുന്ന സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്.**<br><br>**കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ്**<br><br>**"അപ്നാഘർ പദ്ധതി ".**<br><br>**ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പ്രശ്ങ്ങൾ പരിഹരിക്കുന്നതിനായും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായും വിവിധ പദ്ധതികൾ വിഭാവനം ചെയ്തു വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതികൾ എന്നിവയും തൊഴിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ